## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1023 — 10.02.2016 ലെ മറുപടിയ്ക്ക്

### കരകൗശലമേള

| ചോദ്യം<br>**ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ജി.കെ.എസ്.എഫ് ഒൻപതാം സീസണിൽ ഏതെല്ലാം സ്ഥലങ്ങളിൽ കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി ;<br>ഓരോ മേളയിലും എത്ര വീതം സ്റ്റാളുകൾ ഉണ്ടായിരുന്നു;<br>ഇതിലൂടെ ഉൽപാദിപ്പിക്കപ്പെട്ട കരകൗശലവസ്തുക്കളുടെ എത്രമാത്രം വില്പന നടന്നു ;<br>ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സ്റ്റാളുകൾ എത്ര വീതം ഉണ്ടായിരുന്നു; | എ) | ജി.കെ.എസ്.എഫ് ഒൻപതാം സീസണിൽ ഇരിങ്ങൽ ആർട്ട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിലും, ചവറ കെ.എം.എം.എൽ ഗ്രൗണ്ടിലും കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി. ഇരിങ്ങലിൽ 256 സ്റ്റാളുകൾ തീരുമാനിച്ചിരുന്നു. എത്ര സ്റ്റാളുകൾ പ്രവർത്തിച്ചു എന്ന റിപ്പോർട്ട് ഈ മേളയുടെ സംഘാടനം നടത്തിയ സർഗാലയയിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഓരോ സംസ്ഥാനത്തു നിന്നും എത്ര സ്റ്റാളുകൾ എന്നതും ലഭിച്ചിട്ടില്ല. ചവറയിൽ ആകെ 100 സ്റ്റാളുകളിൽ 25 എണ്ണം കരകൗശല സ്റ്റാളുകളാണ്. ഇതിൽ 18 സ്റ്റാളുകൾ അന്യസംസ്ഥാനത്തു നിന്നുള്ളതും, 7സ്റ്റാളുകൾ സംസ്ഥാനത്തു നിന്നുള്ളതുമാണ്. ഇതിലൂടെ ഉൽപ്പാദിപ്പിക്കപ്പെട്ട കരകൗശല വസ്തുക്കളുടെ വിൽപനയിലൂടെ 13 ലക്ഷം രൂപ ലഭിച്ചു. |
| ബി) | ഏതെല്ലാം സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തോടു കൂടിയാണ് പ്രസ്തുതമേളകൾ സംഘടിപ്പിച്ചിരുന്നത്; | ബി) | ഇരിങ്ങലിൽ – സർഗാലയ, വിനോദസഞ്ചാര വകുപ്പ്, സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തോടു കൂടിയാണ് പ്രസ്തുത മേള സംഘടിപ്പിച്ചത്. ചവറയിൽ ജി.കെ.എസ്.എഫും, സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പും സംയുക്തമായി ചേർന്നാണ് മേള സംഘടിപ്പിച്ചത്. |
| സി) | ഇതിനായി ജി.കെ.എസ്.എഫ് ചെലവഴിച്ച തുക എത്ര വീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | സീസൺ 9ൽ ജി.കെ.എസ്.എഫ് ചവറയിൽ നേരിട്ടും ഇരിങ്ങലിൽ സർഗാലയയുമായി ചേർന്നും കരകൗശലമേളകൾ നടത്തിയിട്ടുണ്ട്. ഇതിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കെ.എ.എസ്.ഇ എന്നസ്ഥാപനം 16ലക്ഷം രൂപ ചവറ കരകൗശല മേളയ്ക്കായി അനുവദിച്ചിട്ടുണ്ട്. സർഗാലയ കരകൗശലമേളയ്ക്കായി ജി.കെ.എസ്.എഫ് മുൻകൈയ്യെടുത്ത് കേരള കരകൗശല കോർപ്പറേഷനിൽ നിന്നും 18 ലക്ഷം രൂപയും കേന്ദ്ര |

| | | | |
|---|---|---|---|
| | | | ടൂറിസം വകുപ്പിൽ നിന്നും 12 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജി.കെ.എസ്.എഫ് നേരിട്ട് സർഗാലയ കരകൗശലമേളയ്ക്കായി പരസ്യ ഇനത്തിലും മറ്റു ഒരുക്കങ്ങൾക്കുമായി പ്രാഥമിക കണക്കനുസരിച്ച് 30 ലക്ഷത്തോളം രൂപ ചെലവാക്കിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത മേളകളിലേക്ക് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ജി.കെ.എസ്.എഫ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു? | ഡി) | ഇരിങ്ങൽ മേളയ്ക്ക് വിദേശ രാജ്യങ്ങളുടെ പ്രാതിനിധ്യം ഉറപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് മന്ത്രി, മുൻ യു.എൻ അണ്ടർസെക്രട്ടറി ശശി തരൂർ എം.പി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് തവണ സർഗാലയ പ്രതിനിധികൾ ഉൾപ്പെടെ പരിപാടികൾക്ക് രൂപം കൊടുത്തു. ഒപ്പം യു.എൻന്റെ ഇന്ത്യൻ പ്രതിനിധിയുടെ കൈയൊപ്പോടുകൂടിയുള്ള ക്ഷണക്കത്ത് വിദേശ എംബസികളിലെ അമ്പാസിഡർമാർക്ക് അയച്ചു കൊടുത്തു. വിനോദസഞ്ചാര വകുപ്പ് മന്ത്രിയും വകുപ്പ് സെക്രട്ടറി, ജി.കെ.എസ്.എഫ് ഡയറക്ടർ, സംസ്ഥാന കോർഡിനേറ്റർ എന്നിവർ കേന്ദ്ര വിനോദസഞ്ചാര വകുപ്പിനേയും വിദേശകാര്യ വകുപ്പിനേയും സംയോജിപ്പിച്ചുകൊണ്ട് സാർക്ക് രാജ്യങ്ങളെ മേളയിലേക്ക് ഔദ്യോഗികമായി ക്ഷണിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ